തൊഴിലുറപ്പ് പദ്ധതി

62 (3029) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ കണക്ക് പ്രകാരം 2013-14-ൽ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ നൽകുന്നതിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഈ അവസ്ഥയിൽ സംസ്ഥാനത്തെ തൊഴിലുറപ്പ് പദ്ധതി എത്തിപ്പെടാനുള്ള സാഹചര്യം എന്താണ് ;

(സി) പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും പാളിച്ചകൾ കടന്നുകൂടിയിട്ടുണ്ടോ ; എങ്കിൽ അത് തിരുത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഇല്ല. (കേന്ദ്രസർക്കാർ അംഗീകരിച്ച ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ 2013-14 സാമ്പത്തിക വർഷം ആവശ്യാധിഷ്ഠിതമായി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.)

(ബി) ബാധകമല്ല.

(സി) തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും പാളിച്ചകൾ കടന്നുകൂടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം

63 (3030) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ പുതുതായി രൂപീകരിച്ച കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ ; പ്രസ്തുത കെട്ടിടനിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കെട്ടിടം നിർമ്മാണത്തിലേക്കായി സ്ഥലം ലഭ്യമായിട്ടില്ല. താവം വ്യവസായ എസ്റ്റേറ്റിൽ സ്ഥലം ലഭ്യമാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിന്റെ അനുയോജ്യത സംബന്ധിച്ച് പരിശോധനാ നടപടികൾ സ്വീകരിച്ചു വരുന്നു.

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ നബാർഡ് പ്രവൃത്തികൾ

64 (3031) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡിന്റെ ധനസഹായത്തോടെ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഗ്രാമവികസന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കുമോ ; ഭരണാനുമതി ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) നബാർഡ് ധനസഹായത്തിനായി 2014-15 വർഷം തയ്യാറാക്കി അയച്ചിട്ടുള്ള പ്രൊപ്പോസലുകൾ എത്രയെന്നും അവ ഏതെല്ലാമെന്നും ഇതിൽ അംഗീകാരം ലഭിച്ചിട്ടുള്ളത് ഏതിനെല്ലാമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡിന്റെ ധനസഹായത്തോടെ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഗ്രാമവികസന വകുപ്പ് മുഖേന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല.

(ബി) നബാർഡ് ധനസഹായത്തിനായി 2014-15 വർഷത്തിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി

65 (3032) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2014 വർഷത്തിൽ തൊഴിലുറപ്പ് മേഖലയിൽ തൊഴിൽ ദിനങ്ങൾ കുറഞ്ഞതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly